തിൽ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തുമാറ് വ്യാപകമായ ഒരു ബോധ വല്ക്കരണപരിപാടിയായിരുന്നാൽ കൊള്ളാം. വീട് ആവശ്യമുള്ളവരുടെ എല്ലാം സക്രിയസഹകരണത്തോടുകൂടി മാത്രമേ 'എല്ലാവർക്കും വീട്' എന്ന ലക്ഷ്യം നടപ്പിൽവരുത്താൻ കഴിയുകയുള്ളു.

20 ഫെബ്രുവരി, 1985

## 43. ആസ്ഥപാഠം

അധർമേണൈധതേ താവത്
തതോ ഭദ്രാണി പശ്യതി
തതഃ സപത്നാൻ ജയതി
സമൂലസ്തു വിനശ്യതി

'അധർമംകൊണ്ട് ആദ്യമൊക്കെ അഭിവൃദ്ധിയുണ്ടാകുന്നു; പിന്നീട് നേട്ട ങ്ങൾ കൈവരുന്നതായിത്തോന്നുന്നു. തുടർന്നു ശത്രുക്കളെ കീഴടക്കാനും സാധിക്കുന്നു. പക്ഷേ, ഒടുവിൽ, വേരുകളോടുകൂടെ നശിക്കേണ്ട ഗതി വന്നുചേരുന്നു' എന്നതത്രേ 'ഇന്ത്യയുടെ ഇതിഹാസ'മായ മഹാഭാരത ത്തിന്റെ സന്ദേശം. വ്യക്തികളുടെ ജീവിതത്തിൽ മാത്രമല്ല, രാഷ്ട്രങ്ങ ളുടെ ചരിത്രത്തിലും ഈ സന്ദേശം പ്രസക്തമാണെന്ന് ഉദാഹരിക്കുവാ നാണ് വ്യാസൻ മഹാഭാരതം നിർമിച്ചതു്. 'ജയം' എന്ന പേര് നൽക പ്പെട്ടിട്ടുണ്ടെങ്കിലും, വാസ്തവത്തിൽ മഹാഭാരതം പറയുന്നതു് അധർമം കൊണ്ടു വന്നുചേർന്ന പരാജയത്തിന്റെ കഥയാണ്.

ഇന്ത്യയുടെ വ്യത്യസ്ത ഭാഷാസാഹിത്യങ്ങളിലും കലകളിലും മൗഖിക പാരമ്പര്യങ്ങളിലും, മഹാഭാരതം നിറഞ്ഞുനില്ക്കുന്നു. അതിനാൽ മഹാ ഭാരതകഥ അറിയാത്തവർ, ഇന്ത്യയിൽ, ഇന്നും വളരെ കുറവായിരിക്കും. മഹാഭാരതത്തിന്റെ സന്ദേശം ഉൾക്കൊണ്ട്, അതിനു് അനുസൃതമായി സ്വന്തം പെരുമാററത്തെ രൂപപ്പെടുത്തുന്നവരുടെ എണ്ണവും വിരളമായിരി ക്കാൻ ഇടയില്ല. എന്നാൽ, ഒരു സമൂഹമെന്നനിലയ്ക്കുള്ള പെരുമാററത്തിൽ, പണ്ടത്തെപോലെ ഇന്നും, നാം മഹാഭാരതാദർശത്തിൽനിന്നു് എത്രയോ അകലെയാണു സ്ഥിതിചെയ്യുന്നതു്. രാഷ്ട്രീയപ്രവർത്തനത്തെ ധർമാധി ഷ്ഠിതമാക്കുന്നതിനുവേണ്ടി ജീവാർപ്പണംചെയ്ത മഹാത്മാഗാന്ധിയിൽ നിന്നുപോലും ഇന്ത്യ വളരെയൊന്നും പഠിച്ചതായി തോന്നുന്നില്ല.

അധികാരം നേടുകയും, നേടിയ അധികാരം കൈയിൽനിന്നു വഴു തിപ്പോകാതെ നോക്കുകയും മാത്രമായിരിക്കുന്നു ഇന്ത്യയിൽ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ, വ്യത്യസ്ത പാർട്ടികൾ ക്കിടയിൽ എന്തെങ്കിലും ഭേദമുള്ളതായി തോന്നുന്നില്ല 'കോൺഗ്രസ് സംസ്കാര'ത്തെപ്പററിയും കമ്യൂണിസ്റ്റ് സംസ്കാരത്തെപ്പററിയും മററും ഇന്ത്യയിൽ സംസാരിക്കുന്നതിനു വലിയ അർത്ഥമൊന്നുമില്ല. ഇന്ത്യയിൽ പൊതുവേ ഉള്ളതു് ഒരൊററ 'രാഷ്ട്രീയ സംസ്കാര'മാണ്. 'ദാരിദ്ര്യ സംസ്കാരം' (പോവർട്ടി കൾച്ചർ) എന്ന്, വേണമെങ്കിൽ, അതിനെ വിളിക്കാം. അടങ്ങാത്ത ബുഭുക്ഷയാണല്ലോ ദരിദ്രന്റെ മനസ്ഥിതി യിലെ മുഖ്യഘടകം. 'വിശപ്പിനു വിഭവങ്ങൾ വെറുപ്പോളമശിച്ചാ ലും' അടുത്ത ഭക്ഷണത്തെപ്പററിയായിരിക്കും എപ്പോഴും ദരിദ്രന്റെ ചിന്ത. അടുത്ത തെരഞ്ഞെടുപ്പിൽ അധികാരം പിടിച്ചുപററുകയോ, ഇപ്പോൾ കൈയിലുള്ള അധികാരം വിട്ടുപോകാതെ നോക്കുകയോ ചെ

യ്യേണ്ടതെങ്ങനെയെന്നതു മാത്രമാണ് ഇന്ത്യയിൽ, പറയത്തക്ക സ്വാധീനമോ ദ്രോഹശക്തിയോ ഉള്ള, എല്ലാ രാഷ്ട്രീയപ്രവർത്തകരെയും അലട്ടുന്ന വിചാരം. 'അധികാരം എന്തിന്?' എന്ന ചോദ്യം അവരെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ലാതായിരിക്കുന്നു. 'അധികാരം, കൂടുതൽ അധികാരത്തിന്' എന്നതു്, ഒരു സ്വയംസിദ്ധസത്യമായി അവർ അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു.

പാർട്ടികളുടെ തത്ത്വശാസ്ത്രം ഇതാണെങ്കിൽ 'പാർട്ടി' എന്ന പേരിൽ തല്ക്കാലത്തേക്കു് ഒത്തുചേർന്നു പ്രവർത്തിക്കുന്ന വ്യക്തികളുടെ തത്ത്വശാസ്ത്രം വ്യത്യസ്തമാകാൻ തരമില്ലല്ലോ. അധികാരവിഭജനമാണു പാർട്ടിസംഘടനയുടെ ജീവൻ. ഇഷ്ടികകളെ ഒട്ടിച്ചുചേർക്കുന്ന സിമൻറുപോലെ, ഉചിതമായി വിഭജിച്ചു നൽകപ്പെട്ട അധികാരം വ്യക്തികളെ ഒന്നിച്ചുചേർത്തു് ഒരു 'പാർട്ടി' ആക്കുന്നു. ഇന്ത്യയിലെ പാർട്ടിസംവിധാനങ്ങളിൽ, പക്ഷേ, അധികാരവിഭജനം ഇന്നും ഉത്തരം കാണപ്പെടാത്ത ഒരു പ്രശ്നമാകുന്നു. ആർക്കുമില്ല അധികാരവിഭജനത്തിൽ തൃപ്തി. അനുയായികളെ സംശയദൃഷ്ടിയോടെ നോക്കുന്ന നേതാവു്, എല്ലാ അധികാരവും, അധികാരത്തിൻെറ നിസ്സാരങ്ങളായ വിശദാംശങ്ങൾകൂടി, തൻെറ കൈയിൽത്തന്നെ കേന്ദ്രീകരിച്ചു് നിലനിർത്തുവാൻ ശ്രദ്ധിക്കുന്നു. തനിക്കു പകർന്നുകിട്ടിയ തുച്ഛമായ അധികാരത്തിൽ സംതൃപ്തനല്ലാത്ത അനുയായി, നേതാവിൻെറ കാലുവാരാനുള്ള തക്കംപാർത്തു് കണ്ണിൽ എണ്ണയൊഴിച്ചു കാത്തിരിക്കുന്നു. പരസ്പരം സംശയത്തിൻെറയും ഗൂഢാലോചനയുടെയും വഞ്ചനയുടെയും ധൂമപടലങ്ങൾ ഇന്ത്യൻ രാഷ്ട്രീയാന്തരീക്ഷത്തിൽ നിറഞ്ഞുനിൽക്കുന്നു. ഇന്ത്യൻജനാധിപത്യത്തിൻെറ സവിശേഷതയായ 'ആയാരാമ—ഗയാരാമപ്രതിഭാസ'ത്തിനു് മറെറാരു വിശദീകരണം ഇല്ല.

ഇക്കഴിഞ്ഞ ആഗസ്റ്റ് 15–മുതൽ ആന്ധ്രാപ്രദേശിൽ അരങ്ങേറിയതും, ഇതെഴുതുമ്പോഴും തിരശ്ശീല വീണുകഴിഞ്ഞിട്ടില്ലാത്തതുമായ രാഷ്ട്രീയപ്പോരാട്ടനാടകം അസന്ദിഗ്ദ്ധമാംവിധത്തിൽ വെളിച്ചത്തുകൊണ്ടുവന്നിട്ടുള്ളതു് ഈ വസ്തുതകളെയല്ലേ?

വ്രണിതമായ തെലുഗുപ്രാദേശികാഭിമാനത്തിൻെറ സംരക്ഷകനെന്ന നിലയിലാണു് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശ്രീ എൻ. ടി. രാമറാവു ആന്ധ്രപ്രദേശ് നിയമസഭയിൽ വമ്പിച്ച ഭൂരിപക്ഷം നേടിയതു്. രാഷ്ട്രീയപ്പാർട്ടികളിൽ പ്രവർത്തിച്ചു മുൻപരിചയം നേടാത്തതിനാലായിരിക്കാം, തെരഞ്ഞെടുപ്പുവാഗ്ദാനങ്ങൾ കഴിവതു നടപ്പിൽവരുത്തണമെന്നും, ഭരണസംവിധാനത്തിൽനിന്നു് അഴിമതി ആകാവുന്നത്ര തുടച്ചുമാററണമെന്നും ശ്രീ രാമറാവു ആഗ്രഹിച്ചു; അതിനുള്ള പല നടപടികളും കൈക്കൊള്ളുകയുംചെയ്തു. ശുപാർശചെയ്തു് കോഴവാങ്ങാനുള്ള അവസരം പല എം. എൽ. എ. മാർക്കും നിഷേധിക്കപ്പെട്ടു. ശ്രീ രാമറാവു തൻെറ 'പ്രവർത്തനശൈലി' മാററണമെന്നു് അദ്ദേഹത്തെ സ്നേഹബുദ്ധ്യാ ഉപദേശിക്കുന്ന പ്രതിപക്ഷപാർട്ടികൾ ഉദ്ദേശിക്കുന്നതു്, യഥാർത്ഥത്തിൽ, അഴിമതിചെയ്യാനുള്ള അവസരം എം.എൽ.എ. മാർക്കു് ശ്രീ രാമറാവു തിരിച്ചുനൽകണമെന്നാണു്. അതൃപ്തരായ എം.എൽ.എ. മാർ ശ്രീ രാമറാവുവിനെതിരായി ഗൂഢാലോചനകൾ ആരംഭിക്കുകയെന്നതു് സ്വാഭാവികമായിരുന്നു. ഈ 'ഷട്ചക്ര'ത്തിൻെറ അച്ചുതണ്ടു് ശ്രീ രാമറാവുവിൻെറ 'കോ–പൈലട്ടു്' ആണു് താൻ എന്നു് സ്വയം വിശേഷിപ്പിച്ചിരുന്ന ശ്രീ ഭാസ്കരറാവുവായിരുന്നു. കോൺഗ്രസ്സിൽ വളരെക്കാലം പ്രവർത്തിച്ചു് 'രാഷ്ട്രീയ(ദാരിദ്ര്യ)സംസ്കാരം' പരമാവധി ഉൾക്കൊണ്ടിരുന്ന ഭാസ്കരറാവു, ശ്രീ രാമറാവുവിൻെറ കതികാൽവെട്ടുന്നതിനുള്ള പഴുതു നോക്കിയിരിക്കുകയായിരുന്നു എന്നു് ഇതിനകം വ്യക്തമായിട്ടുണ്ടു്. ഇതു

മണത്തറിഞ്ഞതുകൊണ്ടാവണം, ഹൃദയശസ്ത്രക്രിയയ്ക്ക് അമേരിക്കയിലേക്കു പോയപ്പോഴും ശ്രീ രാമറാവു അധികാരം മുഴുവൻ തന്റെ കൈയിൽത്തന്നെ സൂക്ഷിച്ചു. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ മന്ത്രിസഭായോഗം ചേരുകപോലും ആന്ധ്രപ്രദേശിൽ അസാദ്ധ്യമായിരുന്നു.

'ഹിന്ദു' (സെപ്റ്റംബർ 16) എഴുതുന്നു:

'ശ്രീ രാമറാവുവിന്റെ മനഃശാസ്ത്രം ശ്രീ ഭാസ്കരറാവു നല്ലപോലെ പഠിച്ചിരുന്നു. അമേരിക്കയിൽ ശ്രീ രാമറാവുവിന്റെ ഹൃദയശസ്ത്രക്രിയ നടന്ന് കൃത്യം ഒരു മാസത്തിനുശേഷം ആഗസ്റ്റ് 15-ാം തീയതി, 'അധികാരം പിടിച്ചടക്കൽ' ശ്രദ്ധയോടെ ആസൂത്രണംചെയ്യപ്പെട്ടു. ദിവസത്തിൽ, നാലുമണിക്കൂറിൽ കൂടുതൽ ഒരൊററ മിനിട്ടുപോലും ജോലി ചെയ്യരുതെന്ന ഡോക്ടർമാരുടെ കർശനമായ താക്കീതോടെ തലേന്ന് ശ്രീ രാമറാവു അമേരിക്കയിൽനിന്ന് മടങ്ങിയെത്തിയിരുന്നു. തനിക്കു ചേരാത്ത വൃത്തികെട്ട ഒരു കളിയാണ് രാഷ്ട്രീയം എന്നു മനസ്സിലാക്കി, എന്നന്നേക്കുമായി, രാഷ്ട്രീയം ഉപേക്ഷിച്ച്, ആഗസ്റ്റ് 16-ാം തീയതി തന്നെ ശ്രീ രാമറാവു കെട്ടുംകെട്ടി സ്ഥലംവിടുമെന്ന് ശ്രീ ഭാസ്കരറാവു പ്രതീക്ഷിച്ചു.'

ഈ പ്രതീക്ഷ ശ്രീ ഭാസ്കരറാവുവിനെയും, ആന്ധ്രപ്രദേശത്തെയും, ഇന്ത്യൻ ജനാധിപത്യത്തെയും, ഏതു പടുകുഴിയിലാണ് വീഴ്ത്തിയതെന്ന് എല്ലാവർക്കും അറിയാം. ശ്രീ രാമറാവുവിനെ പിന്നിൽനിന്നു കുത്തിവീഴ്ത്താനുള്ള പരിശ്രമത്തിൽ ഇന്ദിരാകോൺഗ്രസ്സിന്റെ പരിപൂർണ്ണ പിന്തുണ ശ്രീ ഭാസ്കരറാവുവിനു കിട്ടി. താൻ ഇക്കാര്യം അറിഞ്ഞിരുന്നില്ലെന്ന് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പറയുന്നതിന്റെ സത്യാവസ്ഥ എന്തായാലും, ശ്രീ രാജീവ്ഗാന്ധി അടക്കം ഉയർന്ന കോൺഗ്രസ് നേതാക്കന്മാർ എല്ലാവരും ശ്രീ ഭാസ്കരറാവുവിനെ അവസാനനിമിഷംവരെ പിൻതാങ്ങുകയാണുണ്ടായത്. ശ്രീ ഭാസ്കരറാവുവിന് ആന്ധ്രപ്രദേശ് നിയമസഭയിലെ ഭൂരിപക്ഷം എം. എൽ. എ മാരുടെ പിൻതുണയുണ്ടെന്ന് ആന്ധ്രപ്രദേശിലെ ഗവർണർ ആയിരുന്ന ശ്രീ രാമലാൽ സത്യത്തിൽ വിശ്വസിച്ചിരുന്നുവോ? അദ്ദേഹം അങ്ങനെ വിശ്വസിച്ചിരുന്നുവെങ്കിൽത്തന്നെ, ശ്രീ രാമറാവുവിന്റെ ഭൂരിപക്ഷം നഷ്ടപ്പെട്ടുകഴിഞ്ഞുവെന്ന് നിയമസഭയിൽ തെളിയിക്കപ്പെടുംമുമ്പ് അദ്ദേഹത്തെ മുഖ്യമന്ത്രിപദത്തിൽനിന്ന് ഗവർണർ പിരിച്ചുവിട്ടതിനോ, തന്റെ ഭൂരിപക്ഷം നിയമസഭയിൽ തെളിയിക്കാത്ത ശ്രീ ഭാസ്കരറാവുവിനെ മുഖ്യമന്ത്രിയായി ഗവർണർ വാഴിച്ചതിനോ യാതൊരു നീതീകരണവുമില്ല. ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിൽ അവിവേകത്തിന് ശ്രീ രാമലാൽ എന്നും മകുടോദാഹരണമായിരിക്കും. ഗവർണർജോലി രാജിവെച്ച് അപ്രശസ്തിയിലേക്കു മറഞ്ഞ ശ്രീ രാമലാൽ വീണ്ടും പൊതുരംഗത്തിൽ പ്രവേശിക്കുകയാണെങ്കിൽ തനിക്കും രാഷ്ട്രത്തിനും വമ്പിച്ച ദ്രോഹമായിരിക്കും അതു വഴി അദ്ദേഹം ചെയ്യുക.

മുഖ്യമന്ത്രിയായിക്കഴിഞ്ഞശേഷം പണവും പ്രലോഭനങ്ങളും ഉപയോഗപ്പെടുത്തി നിയമസഭയിൽ ഭൂരിപക്ഷം നേടിയെടുക്കാൻ ഒരു മാസത്തെ സമയം ശ്രീ ഭാസ്കരറാവുവിന് നൽകപ്പെട്ടു. ഈ ദുഷ്കൃത്യത്തിൽ അദ്ദേഹം വിജയിക്കുമെന്നു പരക്കെ വിശ്വസിക്കപ്പെട്ടിരിക്കണം. അതുകൊണ്ടാണല്ലോ, ശ്രീ രാമറാവുവിനോടൊപ്പം ദൽഹിയിൽചെന്ന് രാഷ്ട്രപതിയെ സന്ദർശിച്ച് ഭാസ്കരറാവുവിനെതിരെ നിവേദനം നൽകിയ സ്പീക്കറും ഡെപ്യൂട്ടിസ്പീക്കറും പെട്ടെന്നു കാലുമാറി, ശ്രീ ഭാസ്കരറാവുവിന്റെ മന്ത്രിസഭയിൽ ചേർന്നു ശപഥംചെയ്ത് അധികാരം ഏറെറടുത്തത്. അധികാരം 'നാലു രാത്രികളിലെ നിലാവ്' മാത്രമാണെന്ന് സംശയിച്ചിരുന്നുവെങ്കിൽ അവർ അങ്ങനെ ചെയ്യുമായിരുന്നുവോ?

പക്ഷേ, തന്റെ ഭൂരിപക്ഷത്തെ ഉറപ്പിച്ചുനിർത്തുവാൻ ശ്രീ രാമറാവുവിനു് സാധിച്ചു കലുഷവും പരുഷവും ദിഗ്ഭ്രാന്തവും ക്ഷുദ്രവുമായ ഇന്ത്യൻ രാഷ്ട്രീയാന്തരീക്ഷത്തിൽ വിവേകത്തിന്റെയും മാന്യതയുടെയും സൗമ്യതയുടെയും ദർശനവൈശദ്യത്തിന്റെയും ഉദാഹരണമായി ശ്രീ രാമറാവു ഉറച്ചുനിന്നു. ഇന്ത്യയിലെ പത്രപംക്തികളിൽ നിത്യകോലാഹലം സൃഷ്ടിക്കുന്ന രാഷ്ട്രീയപ്പിശാചികൾക്കിടയിൽ ഒരു കൊളോസസ്പോലെ അദ്ദേഹത്തിന്റെ വ്യക്തിത്വം ഉയർന്നുകാണായി. ഒരൊററ മാസത്തിനുള്ളിൽ ശ്രീ രാമറാവുവിന്റെ പ്രശസ്തി ദശാബ്ദങ്ങളിലൂടെ ശ്രീമതി ഇന്ദിരാഗാന്ധി നേടിയ പ്രശസ്തിയോടൊപ്പമെത്തി. ഇന്ത്യയിൽ ശ്രീ രാമറാവുവിനെ അറിയാത്ത ഒരാളും ഇല്ലാതായി. അദ്ദേഹത്തെ ആദരിക്കാത്ത ഒരാളും (രാഷ്ട്രീയ പ്രതിയോഗികൾ ഒഴികെ) ഇല്ലെന്ന സ്ഥിതിയും സംജാതമായി.

ആർജവത്തോടൊപ്പം അനപേക്ഷണീയമായ യാഥാർത്ഥ്യബോധവും ശ്രീ രാമറാവുവിനുണ്ടായിരുന്നു. തനിക്കു് പിൻതുണ വാഗ്ദാനം ചെയ്തിരുന്ന നൂററുപത്തിരണ്ടു് എം. എൽ. എ. മാരെ, കുറുനരികളിൽ നിന്നു് ആട്ടിൻകുഞ്ഞുങ്ങളെ കാക്കുന്ന ഇടയൻപോലെ, ശ്രീ രാമറാവു കാത്തുസൂക്ഷിച്ചു. ദൽഹിയിൽ കൊണ്ടുപോയി രാഷ്ട്രസമക്ഷം അവരെ പ്രദർശിപ്പിച്ചശേഷം അയൽസംസ്ഥാനമായ കർണാടകത്തിൽ അവരെ ഒന്നിച്ചുപാർപ്പിച്ചു. പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള അവരുടെ കഴിവിനെപ്പററി അതിരുകവിഞ്ഞ മതിപ്പൊന്നും ശ്രീ രാമറാവുവിനു് ഉണ്ടായിരുന്നില്ല.

ശ്രീ രാമറാവുവിന്റെ വിവേകവും സംയമവും ഒടുവിൽ ജയിച്ചു. നിയമസഭ ചേർന്നപ്പോൾ മൂന്നുദിവസം അതിനകത്തു് ശ്രീ ഭാസ്കരറാവുവിന്റെ അനുയായികൾ നടത്തിയ പേക്കൂത്തുകൾ അവരെ പൊതുജനദൃഷ്ടികളിൽ കുററവാളികളാക്കുന്നതിനുമാത്രമേ സഹായിച്ചുള്ളു. ഒടുവിൽ ഗവർണർക്കു് ശ്രീ ഭാസ്കരറാവുവിനെ പിരിച്ചുവിടേണ്ടിവന്നു. ശ്രീ രാമറാവുവിനു് നഷ്ടപ്പെട്ട മുഖ്യമന്ത്രിപദം തിരിച്ചുകിട്ടുകയുംചെയ്തു.

കനകസിംഹാസനത്തിൽ കയററിയിരുന്ന' ശ്വാനകനെ തൽക്കാലം അവിടെനിന്നു് ഇറക്കിവിടാൻ കഴിഞ്ഞു പക്ഷേ, ഇന്ത്യൻജനാധിപത്യത്തിന്റെ ദുർബലങ്ങളായ സന്ധിബന്ധങ്ങളെ മുഴുവൻ ഈ സംഭവപരമ്പര തുണിയുരിച്ചു ലോകസമക്ഷം പ്രദർശിപ്പിക്കുകയുണ്ടായി. പണവും പ്രലോഭനങ്ങളുംകൊണ്ടു വശീകരിക്കാൻകഴിയാത്ത ഏറെയാളുകൾ ഇന്ത്യൻ രാഷ്ട്രീയപ്രവർത്തകർക്കിടയിൽ ഇല്ലെന്ന വസ്തുത പരീക്ഷണങ്ങളിലൂടെ ഒരിക്കൽക്കൂടി തെളിയിക്കപ്പെട്ടു. തൽക്കാലസൗകര്യത്തിനുവേണ്ടി ഏതു് അധർമത്തിനും പിന്തുണ നൽകുവാൻ നമ്മുടെ അത്യുന്നത രാഷ്ട്രീയ നേതൃത്വത്തിനു് ഒട്ടും സങ്കോചമില്ലെന്നും വ്യക്തമായി. മക്കളെ അന്ധമായി പിൻതാങ്ങുന്ന ധൃതരാഷ്ട്രന്മാർ അല്ലെങ്കിൽ, ഏതു് അനീതിയുംകണ്ടു് കണ്ണടച്ചിരിക്കുന്ന ഭീഷ്മ—ദ്രോണ—ശല്യ—കൃപാദികളെങ്കിലുമാണു് കേന്ദ്രഭരണകക്ഷിയിലെ മുതിർന്ന നേതാക്കന്മാർ! ഈ 'നേതാക്ക'ന്മാരിൽനിന്നു് ഫലപ്രദമായ ഒരു മാർഗദർശനവും ഇനിമേൽ ഭാരതീയജനത പ്രതീക്ഷിക്കേണ്ടതില്ല.

വൈദേശികാധിപത്യത്തിനെതിരെയുള്ള പോരാട്ടത്തിൽ ഇന്ത്യയിലെ 'നിശ്ശബ്ദ ഭൂരിപക്ഷ'ത്തെ സംഘടിപ്പിച്ചു പടക്കളത്തിലിറക്കിയതാണു് മഹാത്മാഗാന്ധിയുടെ നേതൃത്വം, നമ്മുടെ സ്വാതന്ത്ര്യപ്രസ്ഥാനത്തിനു് അനുഷ്ഠിച്ച സേവനം. സ്വാതന്ത്ര്യം നേടുന്നതിനുള്ള പോരാട്ടത്തേക്കാൾ ക്ലേശഭൂയിഷ്ഠവും ദീർഘവുമാണു് നേടിയ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുള്ള പോരാട്ടം. ഈ പോരാട്ടത്തിൽ ഇന്ത്യയിലെ സാധാരണ ജനത, നിശ്ശബ്ദഭൂരിപക്ഷം, സക്രിയമായി പങ്കെടുക്കേണ്ട കാലമായി.

പാർട്ടിനേതൃത്വങ്ങൾക്ക കാര്യങ്ങൾ വിട്ടുകൊടുത്തു ബഹുജനങ്ങൾ മിണ്ടാതിരുന്നാൽ, മഹാഭാരതം ഇന്ത്യയിൽ ആവർത്തിച്ചുകൂടെന്നില്ല. 'സമൂലസ്സവിനശ്യതി' എന്ന വ്യാസന്റെ പ്രവചനം എന്നും നാം ഓർത്തിരിക്കുന്നതു കൊള്ളാം.

20 സെപ്തംബർ, 1984

# 44. കള്ളപ്പണം

ഇന്ത്യയിലെ കള്ളപ്പണത്തെപ്പററി രണ്ടുവർഷംമുമ്പ് ഞാൻ എഴുതി:

'ഇന്ത്യയിൽ മുപ്പത്തിനാലായിരം കോടി രൂപയോളം കള്ളപ്പണം വ്യാപരിക്കപ്പെട്ടുവരുന്നുണ്ടത്രേ. നികുതിവെട്ടിപ്പാണ് കള്ളപ്പണം പെരുകാനുള്ള മുഖ്യകാരണം. പൂഴ്ത്തിവെച്ചും കള്ളക്കണക്കെഴുതിയും കള്ളപ്പണമുണ്ടാക്കാത്ത വ്യവസായികളോ വ്യാപാരികളോ ഇന്ത്യയിൽ കുറവാണ്. കയററുമതിയുടെ വില കുറച്ചുകാണിക്കുക, ഇറക്കുമതിയുടെ വില കൂട്ടിക്കാണിക്കുക മുതലായവ നികുതിവെട്ടിപ്പിനുള്ള ചില മാർഗങ്ങളാകുന്നു. ഇങ്ങനെയൊക്കെ വളരെയധികം കള്ളപ്പണം വിദേശബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്നു....കള്ളപ്പണനിക്ഷേപത്തിനുള്ള ഒരു പ്രധാനമേഖലയാണ് സ്വർണ്ണത്തിന്റെ കള്ളക്കടത്തു്.

'ഇന്ത്യയിൽ തെരഞ്ഞെടുപ്പുകൾ നടക്കുന്നതു കള്ളപ്പണം ഉപയോഗപ്പെടുത്തിയാണ്. വ്യവസായികളും കച്ചവടക്കാരും കോൺട്രാക്ടർമാരും കള്ളക്കടത്തുകാരും നികുതിവെട്ടിപ്പുകാരും തട്ടിപ്പുകാരും ഒക്കെ, തങ്ങളുടെ കള്ളപ്പണത്തിൽ ഒരുഭാഗം തെരഞ്ഞെടുപ്പുകളിൽ നിക്ഷേപിക്കാൻ തയ്യാറാണ്. അവർക്ക് അതുകൊണ്ടു പ്രയോജനമുണ്ട്. തങ്ങളുടെ കത്സിതപ്രവൃത്തികൾ നിർബാധമായി തുടർന്നു നടത്താൻ ഈ ധനനിക്ഷേപം അവർക്കു കഴിവു നൽകുന്നു.

'മുതലാളിത്തമോ മിശ്രസമ്പദ്‌വ്യവസ്ഥയോ നിലവിലുള്ള ജനാധിപത്യരാജ്യങ്ങളിൽ കള്ളപ്പണത്തിന് ഏററവും അധികം വൈപുല്യവും, വ്യാപ്തിയും, സ്വാധീനശക്തിയും ഉള്ള രാജ്യം ഇന്ത്യയാണ്''. (കുങ്കുമം, 15 മാർച്ച് 1983)

ഇരുട്ടുമുറിയിൽ കറുത്തപൂച്ചയെ കണ്ടുപിടിക്കുന്നതിലേറെ ശ്രമകരമാണ് കള്ളപ്പണത്തെപ്പററിയുള്ള യഥാർത്ഥ വസ്തുതകൾ ശേഖരിക്കുക. എങ്കിലും, ഇന്ത്യയിൽ കൊടികുത്തി വാഴുന്ന കള്ളപ്പണവ്യവസ്ഥിതിയെപ്പററി കിട്ടാവുന്നത്ര വസ്തുതകൾ ശേഖരിക്കാൻ ഇന്ത്യാഗവണ്മെൻറ് ഇടയ്ക്കിടെ ശ്രമിക്കാറുണ്ട്. ഗവണ്മെൻറിന്റെ നിർദ്ദേശപ്രകാരം ദൽഹിയിലെ 'നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി' എന്ന സ്ഥാപനം ഈയിടെ കള്ളപ്പണത്തെപ്പററി ഒരു പഠനം നടത്തുകയും തങ്ങളുടെ പഠനഫലം അടങ്ങിയ റിപ്പോർട്ട് ഇന്ത്യാഗവണ്മെൻറിനു സമർപ്പിക്കുകയുമുണ്ടായി. ഈ റിപ്പോർട്ടിൽനിന്നു ചില വിവരങ്ങൾ ജൂലൈ ആദ്യവാരത്തിൽ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു.

കൃഷി, വ്യവസായം, ഖനനം മുതലായ എല്ലാ സാമ്പത്തികമേഖലകളിലുമായി ഇന്ത്യയിൽ നടക്കുന്ന മൊത്തം സാമ്പത്തിക-ഉല്പാദനത്തിന്റെ (ജി. എൻ. പി.) നാല്പത്തെട്ടു ശതമാനത്തിലേറെ കള്ളപ്പണമാണെന്നാണ് 1978–79–ൽ നടന്ന ഒരു പഠനത്തിൽ പ്രസ്താവിച്ചിരുന്നതു്. ഇപ്പോൾ നടത്തിയ പഠനപ്രകാരം 1983– 4–ലെ മൊത്തം ദേശീയ-സാ